**<u>ഗ്രാമന്യായാലയ കൊടുവള്ളി, താമരശ്ശേരി</u>**
**<u>ഹാജർ : ശ്രീമതി. പ്രീതി തമ്പാൻ, ന്യായാധികാരി</u>**
**<u>2026 ഏപ്രിൽ മാസം 29 തീയ്യതി</u>**

**<u>ST 70/2025</u>**

കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച്
സബ്ഇൻസ്പെക്ടർ,
കോടഞ്ചേരി പോലീസ് സ്റ്റേഷൻ, ക്രൈം 101/2025 } : പരാതിക്കാരൻ

*(ശ്രീ.രഞ്ജിൻ ബേബി, APP )*

കുര്യൻ, വയസ്സ് : 45/2025
S/o.തോമസ്, ഓരത്തേൽ വീട്
തെയ്യപ്പാറ, കോടഞ്ചേരി } : പ്രതി

*(ശ്രീ. മുസാഫർ സൽമാൻ, പ്രതി ഭാഗം അഡ്വക്കേറ്റ് )*

| | | |
|---|---|---|
| കുറ്റം | : | 126(2), 115(2), 351(2), 329(4) of BNS, ഗാർഹിക പീഡന നിരോധന നിയമം 31 വകുപ്പു പ്രകാരം ശിക്ഷാർഹമായത്. |
| പ്രതിയുടെ വാദം | : | കുറ്റം ചെയ്തിട്ടില്ല |
| കണ്ടെത്തൽ | : | തെളിയിക്കപ്പെട്ടിട്ടില്ല |
| കുറ്റം അല്ലെങ്കിൽ ശിക്ഷ | : | പ്രതിയെ ഭാരതീയ നാഗരിക സുരക്ഷ സംഹിത 278(1) വകുപ്പ് പ്രകാരം വെറുതെ വിട്ടിരിക്കുന്നു. |

| **പ്രതിയുടെ വിവരണം** | |
|---|---|
| പോലീസ് സ്റ്റേഷന്റെ പേരും ക്രൈം നമ്പറും | കോടഞ്ചേരി പോലീസ് സ്റ്റേഷൻ Cr.No.101/2025 |
| പ്രതിയുടെ പേര് | കുര്യൻ |
| അച്ഛന്റെ പേര് | തോമസ് |
| പ്രവർത്തി | -- |
| വിലാസം | കോടഞ്ചേരി |
| വയസ്സ് | 45/2025 |

| Date of | |
|---|---|
| സംഭവം നടന്ന തീയ്യതി | 23.02.2025 |
| പരാതി കൊടുത്ത തീയ്യതി | 02.03.2025 |
| അറസ്റ്റു ചെയ്ത തീയ്യതി | 28.03.2025 |
| ജാമ്യത്തിൽ വിട്ട തീയ്യതി | 28.03.2025 |
| കമ്മിറ്റ്മെൻറ് | -- |
| വിചാരണ തുടങ്ങിയ തീയ്യതി | 13.01.2026 |
| സാക്ഷി വിസ്താരത്തിൻെറ തുടക്കം | 27.04.2026 |
| വിചാരണ അവസാനിച്ച തീയ്യതി | 27.04.2026 |
| വിധി തീയ്യതി | 29.04.2026 |
| പ്രതിയ്ക്ക് വിധിന്യായത്തിൻെറ പകർപ്പ് നൽകൽ | -- |
| കാലതാമസത്തിൻെറ വിശദീകരണം | കാലതാമസമില്ല |
| അന്വേഷണ കാലയളവിലോ അല്ലെങ്കിൽ വിചാരണ വേളയിലോ അനുഭവിച്ച തടവ് കാലാവധി (428 Cr.PC പ്രകാരം) | -- |

## <u>ഉത്തരവ്</u>

കോടഞ്ചേരി പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ കോടഞ്ചേരി പോലീസ് സ്റ്റേഷൻ, ക്രൈം 101/2025 ൽ പ്രതിക്കെതിരെ ഭാരതീയ ന്യായ സംഹിത 126(2), 115(2), 351(2), 329(4), ഗാർഹിക പീഡന നിരോധന നിയമം 31(1) വകുപ്പു പ്രകാരവും ശിക്ഷാർഹമായ കുറ്റം ചുമത്തി ബോധിപ്പിച്ച അന്തിമ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള കേസ് ആണിത്.

2. പ്രോസിക്യൂഷൻ കേസ് താഴെ പറയും പ്രകാരമാണ്:

ഒന്നാം സാക്ഷിക്ക് പ്രതിയിൽ നിന്നും ഗ്രാമ ന്യായലയ കോടതി താമരശ്ശേരിയിൽ നിന്ന് CMP 812/2024 in MC 73/2024 പ്രകാരം ഗാർഹിക പീഡനത്തിൽ നിന്നും സംരക്ഷണ ഉത്തരവ് നിലനിൽക്കെ 2025 ഫെബ്രുവരി മാസം 23ാം തീയ്യതി ഉച്ചക്ക് 12.30 മണി സമയത്ത് ഒന്നാം സാക്ഷിയുടെയും ഭർത്താവിൻെറയും ഉടമസ്ഥതയിലുള്ള താമരശ്ശേരി താലൂക്കിൽ തെയ്യപ്പാറ എന്ന സ്ഥലത്ത് കോടഞ്ചേരി ഗ്രാമപഞ്ചായത്ത് 18/466 നമ്പർ പതിച്ച വീടിൻെറ സിറ്റൗട്ടിലേക്ക് പ്രതി അതിക്രമിച്ചു കയറി ഒന്നാം സാക്ഷിയെ തടഞ്ഞ് നിർത്തി കൈ പിടിച്ച് തിരിക്കുകയും ടാപ്പിങ്ങ് കത്തി

കാണിച്ച്കൊണ്ട് കൊന്നു കളയുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയും ചെയ്തിരിക്കയാൽ പ്രതി ഭാരതീയ ന്യായ സംഹിത 126(2), 115(2), 351(2), 329(4), 31(1) DV Act വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിരിക്കുന്നു.

3. പ്രതി കോടതിയിൽ ഹാജരായി ജാമ്യം എടുത്തിട്ടുള്ളതാണ്. പ്രോസിക്യൂഷൻ രേഖകളുടെ കോപ്പികൾ പ്രതിക്ക് നൽകിയിട്ടുള്ളതാണ്. ഭാരതീയ ന്യായ സംഹിത 126(2), 115(2), 351(2), 329(4), 31(1) DV Act എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങളുടെ സാരം വായിച്ചു കേൾപ്പിച്ചതിൽ പ്രതി കുറ്റം ചെയ്തതായി നിഷേധിച്ചു.

4. പ്രോസിക്യൂഷൻ PW1 സാക്ഷിയെ വിസ്തരിക്കുകയും, Ext.P1 രേഖ തെളിവിലേക്കായി ഹാജരാക്കുകയും ചെയ്തു. അന്തിമ റിപ്പോർട്ടിലെ ബാക്കി സാക്ഷികളെ (CW2 to CW8) വിസ്തരിക്കുന്നില്ല എന്ന് അസിസ്റ്റൻറ് പബ്ലിക്ക് പ്രോസിക്യൂട്ടർ എഴുതി നല്കി. പ്രോസിക്യൂഷൻ സാക്ഷികളുടെ മൊഴികളിൽ പ്രതിക്കെതിരായി കുറ്റകരമായ സാഹചര്യങ്ങൾ ഒന്നും ഇല്ലാത്തതിനാൽ ഭാരതീയ നാഗരിക സുരക്ഷ സംഹിത 351 (1)(b) വകുപ്പ് പ്രകാരം ഉള്ള ചോദ്യം ചെയ്യൽ ഒഴിവാക്കി.

5. ഇരുഭാഗത്തെയും വാദം കേൾക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു.

6. കോടതിക്ക് മുന്നിലുള്ള രേഖകളിൽ നിന്നും തെളിവുകളിൽ നിന്നും ഉരുതിരിഞ്ഞ പരിഗണനാ വിഷയങ്ങൾ താഴെ പറയും പ്രകാരമാണ്:

1. ഈ കേസിലെ പ്രതി പരാതിക്കാരിയെ (PW1) അന്യായമായി തടഞ്ഞു വെച്ച് BNS 126(2)വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?
2. ഈ കേസിലെ പ്രതി പരാതിക്കാരിയെ (PW1) കൈകൊണ്ടടിച്ച്പരിക്കേല്പിച്ചതിൽ BNS 115(2) വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?
3. കോടഞ്ചേരി ഗ്രാമപഞ്ചായത്ത് 18/466 നമ്പർ പതിച്ച വീടിൻെറ സിറ്റൗട്ടിൽ വെച്ച് ഈ കേസിലെ പ്രതി പരാതിക്കാരിയെ (PW1) നെ കൊല്ലുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയതിൽ പ്രതി BNS 351(2)വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തുവോ?
4. 23.02.2025 ഉച്ചക്ക് 12.30 മണി സമയത്ത് കോടഞ്ചേരി

ഗ്രാമപഞ്ചായത്ത് 18/466 നമ്പർ വീടിൻെറ സിറ്റൗട്ടിലേക്ക് പ്രതി അതിക്രമിച്ച് കയറിയതിൽ പ്രതി BNS 329(4)വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?

5. പ്രതി പരാതിക്കാരിയെ മാനസികമായി ഉപദ്രവിച്ച് കോടതിയുടെ താല്കാലിക സംരക്ഷണ ഉത്തരവ് ലംഘിച്ച് കൊണ്ട് വകുപ്പ് 31 of DV Act പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?
6. പ്രതി കുറ്റക്കാരനാണ് എന്ന് കാണുകയാണെങ്കിൽ പര്യാപ്തമായ ശിക്ഷ എന്താണ്?

7. <u>വിഷയങ്ങൾ 1, 2, 3 4 & 5 :</u> ഈ വിഷയങ്ങൾ ബന്ധപ്പെട്ട് കിടക്കുന്നതിനാൽ ഇവ ഒരുമിച്ച് പരിഗണിക്കുന്നു. ഈ കേസിലെ പരാതിക്കാരിയെ PW1 ആയി വിസ്തരിച്ചിട്ടുള്ളതാണ്. തൻെറ മകനായ കുര്യനെതിരെയാണ് താൻ പരാതി നല്കിയത് എന്നും മകനുമായി സ്വത്തുതർക്കം നടക്കുന്നതിനാൽ ആയതിൻെറ വിരോധത്തിലാണ് താൻ പാരതി നല്കിയത് എന്നും, ടി വിഷയത്തെ സംബന്ധിച്ച് താൻ പോലീസിൽ കൊടുത്ത പരാതിയാണ് Ext.P1 FIS എന്നും PW1 മൊഴി നല്കിയിരിക്കുന്നു. എന്നാൽ മകനെതിരെ മറ്റുപരാതികൾ ഇല്ലെന്നും, കേസുകാര്യങ്ങൾ മകനുമായി സംസാരിച്ച് ഒത്തു തീർപ്പായി എന്നും ഇപ്പോൾ മകൻ തന്നെ ഉപദ്രവിക്കാറില്ലെന്നും കേസുമായി മുന്നോട്ടുപോകാൻ താല്പര്യമില്ലെന്നും PW1 മൊഴി നൽകി.

8. പരാതിക്കാരിയെ പ്രതി തടഞ്ഞുവെച്ച് പരിക്കേൽപിച്ചതായോ, ആരാണ് സിറ്റൗട്ടിലേക്ക് അതിക്രമിച്ച് കയറിയതെന്നോ, കൈപിടിച്ച് തിരിച്ച് പരിക്കേല്പിക്കുക വഴി പരാതിക്കാരിയെ മാനസികമായും ശാരീരികമായും ഉപദ്രവിച്ച് ഗ്രാമന്യായാലയ കൊടുവള്ളിയുടെ താല്കാലിക സംരക്ഷണ ഉത്തരവ് പ്രതി ലംഘിച്ചതായോ PW1 മൊഴി തന്നിട്ടില്ല. കൂടാതെ ആരാണ് കൊല്ലുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയതെന്നോ മൊഴി തന്നിട്ടില്ല. PW1 ൻെറ മൊഴികളിൽ നിന്നും പ്രതിയെ സംബന്ധിച്ചോ, പ്രതിയുടെ ഐഡൻന്റിറ്റിയെ സംബന്ധിച്ചോ യാതൊരുവിധ തെളിവുകളും നിലവിലില്ല. നിലവിലുള്ള മൊഴികളിൽ പ്രതിയെ കുറ്റക്കാരനാണെന്ന് കാണത്തക്കവിധം പ്രോസിക്യൂഷനു അനുകൂലമായ തെളിവുകൾ അപര്യാപ്തമാണ്. ആയതിനാൽ ഒന്നും രണ്ടും മൂന്നും വിഷയങ്ങൾ പ്രോസിക്യൂഷന് എതിരായി കണ്ടെത്തിയിരിക്കുന്നു.

9. <u>വിഷയം 6</u>: പ്രതി കുറ്റക്കാരനല്ല എന്ന് കണ്ടെത്തിയതിനാൽ ഈ വിഷയം പരിഗണിക്കേണ്ടതില്ല.

10. **ഫലത്തിൽ,**

പ്രതി ഭാരതീയ ന്യായ സംഹിത 126(2), 115(2), 351(2), 329(4) പ്രകാരവും, ഗാർഹിക പീഡന നിരോധന നിയമം 31 ാം വകുപ്പു പ്രകാരവും ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടില്ല എന്ന് കണ്ട് പ്രതിയെ ഭാരതീയ നാഗരിക സുരക്ഷ സംഹിത 278(1) വകുപ്പ് പ്രകാരം വെറുതെ വിട്ടിരിക്കുന്നു. പ്രതി ചമയ്ച്ചിട്ടുള്ള ജാമ്യബോണ്ടുകൾ റദ്ദ് ചെയ്ത് പ്രതിയെ സ്വതന്ത്രനാക്കുന്നു.

(ഞാൻ പറഞ്ഞു കൊടുത്ത പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്ത് ഞാൻ ശരിയാക്കി തുറന്ന കോടതി മുമ്പാകെ 2026 ഏപ്രിൽ മാസം 29 തീയ്യതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.)

ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി

**അനുബന്ധം**

പ്രോസിക്യൂഷൻ ഭാഗം വിസ്തരിച്ച സാക്ഷികൾ:

| റാങ്ക് | പേര് | സാക്ഷികളുടെ തരം ദൃക്സാക്ഷി/പോലീസ് സാക്ഷി/വിദഗ്ദ സാക്ഷി/മെഡിക്കൽ സാക്ഷി/മറ്റ് സാക്ഷികൾ) |
|---|---|---|
| PW1 | ക്ലാരമ്മ(CW1) | പരാതിക്കാരി |

**പ്രോസിക്യൂഷൻ ഭാഗം ഹാജരാക്കിയ പ്രമാണങ്ങൾ :**

| ക്രമ നമ്പർ | എക്സിബിറ്റ് നമ്പർ | വിവരണം |
|---|---|---|
| 1 | P1/PW1-27.04.2026 | പ്രഥമ വിവര സ്റ്റേറ്റ്മെൻറ്- തീയ്യതി 02.03.2025 |

പ്രതിഭാഗം വിസ്തരിച്ച സാക്ഷികൾ : ഇല്ല

പ്രതി ഭാഗം ഹാജരാക്കിയ പ്രമാണങ്ങൾ : ഇല്ല

കോടതി സാക്ഷികൾ: ഇല്ല

കോടതി രേഖകൾ : ഇല്ല

തൊണ്ടിമുതലുകൾ: ഇല്ല

ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി